# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5139    24.10.2011-ൽ  മറുപടിയ്ക്ക്

## ഇടമലയാർ  ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. പി.ജെ.ജോസഫ് ( ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) 32.278 കി.മീ ദൂരമുള്ള മെയിൻ കനാലിന്റെ 28.046 കി.മീ ദൂരം പൂർത്തിയായിട്ടുണ്ട്. ലോ ലവൽ കനാലിന്റെ 12.269 കി.മീ ദൂരവും ലിങ്ക് കനാലിന്റെ 2.793 കി.മീ ദൂരവും പൂർത്തിയായിട്ടുണ്ട്. |
| (സി) ഈ പ്രോജക്ട് എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (സി) മെയിൻ കനാൽ പൂർണ്ണമായും ലോലെവൽ കനാൽ 1.5 കി.മീ വരേയും തീർത്ത് 2013 ഡിസംബറോട് കൂടി പ്രോജക്ട് ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ലിങ്ക് കനാൽ ലോലവൽ കനാലിന്റെ അവശേഷിക്കുന്ന 12.25 കി.മീ അതിന്റെ ശാഖാകനാലുകൾ ഇവ തീർത്ത് പ്രോജക്ട് ഏകദേശം 2015 മാർച്ചോടുകൂടി തീർക്കാമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി). | മുൻ സർക്കാരിന്റെ കാലത്ത് ഈ പ്രോജക്ടിനു വേണ്ടി, ചെലവാക്കിയ തുക എത്രയാണ്; | (ഡി) | മുൻ സർക്കാരിന്റെ കാലത്ത് ഈ പ്രോജക്ടിനു വേണ്ടി 136.90 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) | ഈ തുക ഏതെല്ലാം ഭാഗത്തെ പ്രവൃത്തികൾക്കായാണ് ചെലവഴിച്ചിട്ടുള്ളത്; | (ഇ) | മേൽപറഞ്ഞ തുക അങ്കമാലി ഡിവിഷന്റെ കീഴിൽ വരുന്ന ഭൂതത്താൻകെട്ടു മുതൽ അങ്കമാലി വരെയുള്ള കനാൽ നിർമ്മാണത്തിന് വേണ്ടിയും ചാലക്കുടി ഡിവിഷനു കീഴിൽ വരുന്ന പൂതംകുറ്റി, അയ്യമ്പുഴ, മലയാറ്റൂർ, മഞ്ഞപ്ര എന്നീ ഭാഗങ്ങളിലൂടെ പോകുന്ന 29.00 കി.മീ മുതലുള്ള മെയിൻ കനാലിനും 0-2000 വരേയും 4025 മുതൽ 5025 മീ വരെയുള്ള ലിങ്ക് കനാലിനും വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്. |
| (എഫ്) | അങ്കമാലി നിയോജക മണ്ഡലത്തിൽ ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി അക്വിസിഷൻ നടപടികൾ പൂർത്തിയാക്കുവാനുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; അക്വിസിഷൻ നടപടികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം വിശദമാക്കുമോ; | (എഫ്) | പൂർത്തിയാക്കാനുണ്ട്.<br>അങ്കമാലിയിൽ ഓലിയൻ കപ്പേളയ്ക്ക് സമീപം എം.സി. റോഡിന് അടുത്ത് ഏകദേശം 0.1112 ഹെക്ടർ സ്ഥലം എടുക്കുവാനുണ്ട്. 28.4.2011 ൽ എറണാകുളം ജില്ലാ കലക്ടർക്ക് അതിനു വേണ്ടിയുള്ള അപേക്ഷ സർവ്വേ ഡിപ്പാർട്ട്മെന്റിന് നൽകിയിട്ടുണ്ട്. ഇതുവരെ സ്ഥലം കൈമാറിയിട്ടില്ല. ചാലക്കുടിയിൽ ലിങ്ക് കനാലിന്റെ 2000 മുതൽ 4000 മീ വരെയുള്ള അക്വിസിഷനും പൂതംകുറ്റി ഭാഗത്ത് 4025 മുതൽ 7575 മീ വരെ ബണ്ട് റോഡിനുള്ള അധിക സ്ഥലവും ഏറ്റെടുക്കേണ്ടതുണ്ട്. |

ഇതിൽ 2000 മുതൽ 4000 മീ വരെയുള്ള സർവ്വേ നടപടികൾ കഴിഞ്ഞിട്ടുള്ളതാണ്. 4025 മുതൽ 7575 മീ വരെയുള്ള സർവ്വേ നടപടികൾ തുടങ്ങേണ്ടതുണ്ട്.

| | | | |
|---|---|---|---|
| (ജി) | വർഷങ്ങൾക്കു മുമ്പ് ഈ പ്രോജക്ടിനായി ഏറ്റെടുത്ത് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യംപുഴ പഞ്ചായത്തിലെ ചെയിനേജ് 2000 മീറ്റർ മുതൽ 3000 മീറ്റർ വരെയുള്ള റീച്ചിലെ 20 ഓളം സ്ഥലം ഉടമകൾക്ക് എന്നത്തേക്ക് നഷ്ടപരിഹാരം ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ; | (ജി) & (എച്ച്) | 2000 മുതൽ 3000 വരെയുള്ള സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടെങ്കിലും ഇതുവരേയും സ്ഥലം ഏറ്റെടുത്തിട്ടില്ല. അതിനാൽ പുതിയ 4(1) നോട്ടിഫിക്കേഷൻ കഴിഞ്ഞിട്ടേ നഷ്ടപരിഹാരഫണ്ട് ലഭ്യമാക്കുവാൻ കഴിയുകയുള്ളു. |
| (എച്ച്) | അയ്യംപുഴ പഞ്ചായത്തിലെ ചെയിനേജ് 2000 മീറ്റർ മുതൽ 3000 മീറ്റർ വരെയുള്ള റീച്ചിലെ അക്വിസിഷൻ നടപടികളിലിരിക്കുന്ന പുളിയനം കരയിൽ ഇടവഴിക്കൽ വീട്ടിൽ ശ്രീമതി എൽസി ജോയിയുടെ 30 സെന്റോളം സ്ഥലത്തിന്റെ അക്വിസിഷൻ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും ഇവർക്ക് എന്നത്തേക്ക് നഷ്ടപരിഹാരം ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ